**അമുനീ ഭഗവദ്രൂപേ മായാ തേ അനുവർണിതേ**
**ഉഭേ അപി ന ഗൃഹ്ണന്തി മായാസൃഷ്ടേ വിപശ്ചിത: (2-10-35)**
**സ വാച്യവാചകതയാ ഭഗവാൻ ബ്രഹ്മരൂപധൃക്**
**നാമരൂപക്രിയാ ധത്തേ സകർമാകർമക: പര: (2-10-36)**

ശുകമുനി തുടർന്നു:
ഈ ദിവ്യഗ്രന്ഥത്തിലുള്ള കാര്യങ്ങൾ: 1) സൂക്ഷ്മതരങ്ങളായ വിശ്വഘടകങ്ങൾ, പ്രകൃതിയുടെ സംതുലിതഭാവത്തിലുണ്ടായ വ്യതിചലനങ്ങൾ, അവയുണ്ടാവാനിടയായ ഭഗവദിഛ 2) ബ്രഹ്മാവിനാൽ ചരാചരവസ്തുക്കളുടെ സൃഷ്ടി 3) വിശ്വസ്ഥിതി കാത്തുരക്ഷിക്കുന്ന ഭഗവദ്വിജയം 4) ഭഗവാന്റെ അഭയമഹിമ 5) ലോകചക്രങ്ങളുടെ കഥകൾ 6) മറഞ്ഞുകിടക്കുന്ന വാസനകളാൽ കൂടുതൽ കെട്ടുപാടുകളിലേക്കു നീങ്ങുന്ന മനുഷ്യന്റെ കഥ 7) ഭഗവദവതാരകഥകൾ 8) വിശ്വപ്രളയവും ആസമയത്ത് ചരാചരവസ്തുക്കളുടെ ഉൾവലിയലും 9) ജീവാത്മാവിന്റെ മോചനം 10) എല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്ന ഏതോ അത്. എന്നിങ്ങനെയാണ്. പത്താമത്തെ ഘടകം വ്യക്തമാക്കാൻ ആദ്യത്തെ ഒമ്പതിന്റേയും അടിസ്ഥാനം ഭഗവാൻതന്നെയാണെന്ന ബോധമുണ്ടാകണം. അതുകൊണ്ടാണ് ഒന്നുമുതൽ ഒമ്പതുവരെയുള്ള കാര്യങ്ങൾ ഇതിൽ വിശദീകരിക്കുന്നത്.

വിശ്വപുരുഷൻ അണ്ഠത്തിൽനിന്നും പുറത്തുവരുമ്പോൾ നിലകൊള്ളാനായി ജലത്തെ സൃഷ്ടിച്ചു. വെള്ളത്തിൽ ജിവിച്ചതുകൊണ്ട് അദ്ദേഹം നാരായണൻ എന്നറിയപ്പെടുന്നു. പിന്നീടദ്ദേഹം മറ്റു സൃഷ്ടികൾ തുടങ്ങി. ഭഗവാന്റെ ദിവ്യേഛയാൽ ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവീകം എന്നിങ്ങിനെ മൂന്നുതരത്തിലുള്ള ദിവ്യശക്തികൾ ഉത്ഭവിച്ചു. അദ്ദേഹം ഒന്നിളകിയപ്പോൾ ശക്തിയും പ്രാണനുമുണ്ടായി. അദ്ദേഹം ആഹരിക്കാനാഗ്രഹിച്ചപ്പോൾ നാവുംരുചികളും അവയാസ്വദിക്കാനാവശ്യമായ ബുദ്ധിവൈഭവവും സൃഷ്ടിക്കപ്പെട്ടു. അതുപോലെ വാക്കും ഭാഷയും അവയ്ക്കുവേണ്ട അവയവങ്ങളും അധിദേവതയായ അഗ്നിദേവനുമുണ്ടായി. നാസാരന്ധ്രങ്ങൾ, വസ്തുക്കളിൽ മണം, അവയുടെ അധിദേവതയായ വായുദേവൻ, ഇവയുണ്ടായി. കണ്ണുകൾ, നിറങ്ങൾ, കാഴ്ചയുടെ അധിദേവതയായ സൂര്യദേവൻ, എന്നിവ പിന്നീടുണ്ടായി. ചെവി, ശബ്ദം, കേൾവി, അവയുടെ അധിദേവതയും ആകാശത്തിന്റെ ദേവതയുമുണ്ടായി. ത്വക്ക്, സ്പർശനത്താലറിയുന്ന വസ്തുക്കൾ, സ്പർശനം, അവയുടെ അധിദേവത എന്നിവയുണ്ടായി. കൈകൾ, കർമ്മശേഷി, കർമ്മങ്ങളുടെ അധിദേവനായ ഇന്ദ്രൻ. പ്രത്യുൽപ്പാദനേന്ദ്രിയങ്ങൾ, മൈഥുനം എന്നിവയും പിന്നീടുണ്ടായി. ലൈംഗികബന്ധത്തിനു പ്രജാപതിയും ഗുദദ്വാരം, വിസർജനമെന്നിവയ്ക്കായി മിത്രദേവനുമുണ്ടായി. നാഭിയും അപാനവായുവും, മരണവും ആത്മാവിന്റെ യാത്രയും, ഒരു ശരീരത്തിൽ നിന്നു മറ്റൊന്നിലേക്ക് ആത്മാവിനെ കൊണ്ടുപോകുന്നതിന്റെ അധിദേവതയും പിന്നീടുണ്ടായി. ഉദരവും, പോഷകവും, ആഹാരത്തിന്റെ അധിദേവതകളും, ഹൃദയം, മനസ്സ്, ആഗ്രഹം, സ്വമായയാലുണ്ടായ അത്ഭുതങ്ങൾ ചിന്തിച്ചുധ്യാനിക്കാൻ ചന്ദ്രൻ എന്നിവയും ഉണ്ടായി. ഭഗവദിഛയാൽ ചെറുതും വലുതുമായി എല്ലാം ഇങ്ങിനെയാണുണ്ടായത്. എല്ലാ ഇന്ദ്രിയങ്ങളും വസ്തുക്കളിലേക്ക് അവയുടെ അധിദേവത(ബുദ്ധി)യുടെ ശക്തിയാൽ തിരിഞ്ഞിരിക്കുന്നു. ഭഗവാൻ തന്നെയാണ് സൃഷ്ടിക്കുന്നതും സംരക്ഷിക്കുന്നതും, മനുഷ്യനായും മൃഗമായും വേഷമിട്ടുവരുന്നതും. പക്ഷെ ഈ സൂക്ഷ്മവും സ്ഥൂലവുമായ ഭഗവൽരൂപങ്ങളെല്ലാം മായയുടെ പ്രകടനമത്രെ. മായയാകട്ടെ ഭഗവാന്റെ ശക്തിയുമാണ്. അതുകൊണ്ട് മഹത്തുക്കൾ ഇതൊന്നും സത്യമായി സ്വീകരിക്കുന്നില്ല. ഭഗവാൻ കർമ്മത്തിലോ സൃഷ്ടിയിലോ വ്യാപൃതനല്ല. മായാശക്തിയാണിതെല്ലാം ചെയ്യുന്നത്. ഭഗവാൻ എല്ലാത്തരം വിശേഷണങ്ങൾക്കും അതീതനാണെന്ന് വിജ്ഞാനിയായ ഒരുവൻ മനസ്സിലാക്കണം.